

## "അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു." (അപ്പ. 8:15)

### ജൂലൈ 2014: വിചിന്തനം

കുറവുകളും വീഴ്ചകളും ഉണ്ടായിരുന്നെങ്കിലും ശിമയോൻ ഉൾകാഴ്ചകളുള്ള മനുഷ്യനായിരുന്നു. അപ്പസ്തോലൻമാർക്ക് വ്യത്യസ്ഥവും ശ്രദ്ധാർഹവുമായ ഒരു ശേഷിയുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞല്ലോ. അവർ ആരുടെമേൽ കൈവെയ്പ്പുനടത്തിയോ, അവർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു. ഈ ശേഷി മറ്റുള്ളവർക്കും നൽകാൻ അവർക്കാകുമെന്ന് അയാൾക്കറിയാമായിരുന്നു. പരിശുദ്ധമായ കൽപനകൾ പരികർമ്മം ചെയ്ത് അവരുടെ പിൻഗാമികളായി മെത്രാൻമാരെ നിയമിച്ചപ്പോൾ വാസ്തവത്തിൽ ഇതാണ് അപ്പസ്തോലൻമാർ ചെയ്തത്. എങ്കിലും കൈവെയ്പ്പിലൂടെ അവർക്കവകാശമായി ലഭിച്ചത് ദൈവത്തിന്റെ ദാനമാണെന്നും അത് ശ്രമംകൊണ്ടോ യോഗ്യതകൊണ്ടോ ഒരിക്കലും കൈവശമാക്കാൻ ആകില്ലായെന്നും തിരിച്ചറിയുന്നതിന് അയാൾ പരാജയപ്പെട്ടു. വി.പൗലോസ് കൈവെയ്പ്പ് നടത്തിയപ്പോൾ തനിക്കു ലഭിച്ച ദൈവീകവരത്തെക്കുറിച്ച് മെത്രാനായ വി.തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നു: "എന്റെ കൈവെയ്പ്പിലൂടെ നിനക്ക് ലഭിച്ച ദൈവീകവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു."

കത്തോലിക്കാസഭയിലേക്ക് ഉൾച്ചേർക്കപ്പെട്ടിട്ടുള്ള നമ്മിൽ പലരും ഒരുപക്ഷേ കാര്യങ്ങൾ ഗ്രഹിക്കുന്നതിൽ ചിലപ്പോഴെങ്കിലും ശിമയോനേക്കാൾ മന്ദഗതിയിലാണ്. പത്രോസും യോഹന്നാനും കൈവയ്പിലൂടെ സമരിയായിലെ വിശ്വാസികളെ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാക്കി. അപ്പസ്തോലന്മാരിൽനിന്ന് അവരുടെ പിൻഗാമികൾവഴി ദൈവത്തിന്റെ ദാനം സ്വീകരിച്ച മെത്രാനോ വൈദികനോ ചുമതലയേറ്റ ശുശ്രൂഷകനോ, പത്രോസിനെയും യോഹന്നാനെയും പോലെ, പരിശുദ്ധാത്മാവിനെ നാം സ്വീകരിക്കുന്നതിനായി നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെമേൽ ഒരിക്കൽ കൈവയ്പു നടത്തുകയും ചെയ്തു. പരിശുദ്ധാത്മാഭിഷേകത്തിന്റെയും ആ നിമിഷം മുതൽ പരിശുദ്ധാത്മാവിന്റേതായിത്തീർന്ന ഒരു വ്യക്തിയായി എന്നേക്കുമായി മുദ്രിതമാക്കപ്പെട്ടതിന്റെയും പ്രതീകമായി പരിമളതൈലത്താൽ നമ്മെ അഭിഷേകം ചെയ്തു. *സ്ഥൈര്യലേപനമെന്നോ മൂറോൻ അഭിഷേകം* എന്നോ സഭ പിന്നീട് വിളിച്ചതിനെയാണ് നാമിവിടെ പരാമർശിക്കുക.

ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷം പ്രഘോഷിക്കാനുള്ള കല്പന പന്തക്കുസ്തയ്ക്കുമുമ്പ് ലഭിച്ചിരുന്നുവെങ്കിലും അതിനാവശ്യമായ കരുത്തോ, അതിസ്വാഭാവികശക്തിയോ അപ്പസ്തോലന്മാർക്ക് ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ യഹൂദരെ ഭയന്ന് വാതിലടച്ച് മുറിക്കുള്ളിൽ ഒളിച്ചിരുന്നപ്പോൾ ഇത്തരം പരി

ഭ്രാന്തമായ ദൗത്യത്തെക്കുറിച്ച് അവർക്ക് സങ്കല്പിക്കാൻപോലും കഴിയുമായിരുന്നില്ല. അവർക്ക് യഹൂദരെപ്പോലും നേരിടാനാവാത്തപ്പോൾ എങ്ങനെ ലോകത്തെ നേരിടാനാവും? എന്നാൽ പരിശുദ്ധാത്മാവ് അവരിൽ വന്നുനിറഞ്ഞപ്പോൾ അവർ "ഉന്നതത്തിൽ നിന്നുള്ള ശക്തി ധരിച്ചു". സധൈര്യം സുവിശേഷം പ്രഘോഷിക്കുകയും പീഡനങ്ങൾ സഹിക്കുവാനും ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി രക്തസാക്ഷികളാകാൻപോലും ഉള്ള കരുത്താർജ്ജിച്ചു; ഏറ്റവും കഠിനമായ പീഡനങ്ങളുടെ നടുവിലും കർത്താവിൽ ആഹ്ലാദിച്ചു. ഒരിക്കൽ ഭയചകിതരും ഭീരുക്കളുമായിരുന്ന ശിഷ്യഗണത്തെ ലോകത്തിന്റെ അതിർത്തികൾവരെ സന്ദേശവാഹകരാക്കി ഉജ്ജീവിപ്പിച്ച അതേ ആത്മാവിനാലാണ് നാം സ്ഥൈര്യലേപനകൂദാശയിൽ അഭിഷിക്തരാകുക.

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയുന്ന ശക്തമായ ദൈവസ്നേഹം ദൈവത്തിന്റെ വത്സലമക്കളെന്നനിലയിൽ നമ്മെ ആശ്ലേഷിക്കുന്നു. ഈ പരിപൂർണ്ണസ്നേഹമാണ് നമ്മുടെ ഹൃദയങ്ങളിൽനിന്ന് ഭയമെല്ലാം നീക്കം ചെയ്യുന്നത്. ദൈവപൈതൽ ഭയപ്പെടേണ്ടതായി എന്തെങ്കിലുമുണ്ടോ? വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നതിതാണ്: "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്" (റോമ 8:15). നാം യഥാർത്ഥത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ പ്രിയപ്പെട്ട പുത്രിമാരും പുത്രന്മാരുമാണ്. നമുക്ക് ദൈവത്തെ "അബ്ബാപിതാവേ!" എന്നു വിളിച്ചപേക്ഷിക്കാം. പിതാവ് ക്രിസ്തുവിനു നൽകുന്ന എല്ലാ അനുഗ്രഹങ്ങളും അതേപോലെ എല്ലാ ദൈവമക്കൾക്കും നൽകുന്നുവെന്ന് വി.പൗലോസ് നമ്മോട് പറയുന്നു. അതോടൊപ്പം വിശുദ്ധ പൗലോസ് ഇപ്രകാരം കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു: "എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു" (റോമ. 8:17).

നാം പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ശക്തീകരിക്കപ്പെടുകയും ക്രിസ്തുവിന്റെ കൂട്ടവകാശികളാക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നമുക്കിനിമേൽ ഭയത്തിൽ നിപതിക്കാനാവില്ല. മറിച്ച്, ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും അതേ, അവനോടൊപ്പം സഹിക്കാനും നാം ധൈര്യമുള്ളവരാകണം. സ്ഥൈര്യലേപനത്തിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കാൻ കരുത്താർജ്ജിക്കുക മാത്രമല്ല, അപ്രകാരം ചെയ്യാൻ കടപ്പെട്ടിരിക്കുക കൂടിയാണ്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "മാമ്മോദീസ സ്വീകരിച്ചവർ സ്ഥൈര്യലേപനം എന്ന കൂദാശവഴി സഭയോടു കൂടുതൽ പൂർണ്ണമായി ബന്ധിക്കപ്പെടുകയും പരിശുദ്ധാത്മാവിന്റെ സവിശേഷ ശക്തിയാൽ സമ്പന്നരാക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ, അവർ ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികൾ എന്ന നിലയിൽ വിശ്വാസത്തെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രചരിപ്പിക്കാൻ കൂടുതൽ കർശനമായ കടമുള്ളവരായിത്തീരുന്നു". "അതുപോലെ ക്രിസ്തുവിന്റെ നാമം സധൈര്യം ഏറ്റുപറയുകയും കുരിശിനെപ്രതി ഒരിക്കലും ലജ്ജിക്കാതിരിക്കുകയും വേണം" എന്ന് കത്തോലിക്കസഭയുടെ മതബോധനം ഗ്രന്ഥം കൂട്ടി ചേർക്കുന്നു.

നാം ഉന്നതത്തിൽനിന്ന് വലിയ ശക്തി സ്വീകരിച്ചിരിക്കുന്നു. എന്നാൽ അതോടൊപ്പംതന്നെ സുവിശേഷം പ്രഘോഷിക്കുകയെന്ന ആവശ്യകതയും നമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു (1കോറി. 9:16). നാം പരിശുദ്ധാത്മാവിന്റെ മഹത്തായ അഭിഷേകം സ്വീകരിച്ചിരിക്കുന്നു. കൂടാതെ, അതോടൊപ്പം അഭിഷിക്തനായ ഒരുവന്റെ സഹനത്തിലും അവന്റെ കുരിശിന്റെ അപമാനത്തിലും പങ്കാളിത്തവും സ്വീകരിച്ചിരിക്കുന്നു. വിശുദ്ധ പൗലോസ് തിമോത്തേയോസിന് നൽകുന്ന ഉപദേശം ഇതാണ്: "നമ്മുടെ കർത്താവിനു സാക്ഷ്യം നൽകുന്നതിൽ നീ ലജ്ജിക്കരുത്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെപ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുവഹിക്കുക" (2 തിമോ.1:8) ഇതുകൊണ്ടാണ് അപ്പസ്തോലന്മാരുടെ ഒരു പിൻഗാമി ഒരിക്കൽ നമ്മുടെമേൽ കൈവയ്പു നടത്തിയത്; നമ്മുടെ സ്ഥൈര്യലേപനം നമ്മോട് ആവശ്യപ്പെടുന്നത് ഇതാണ്.

പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നമ്മുടെ സ്ഥൈര്യലേപനം വഴിയുള്ള ഉത്തരവാദിത്വം നാം ഓരോരുത്തരും നിർവഹിച്ചാൽ ലോകം എന്തായിത്തീരും ! "പരിശുദ്ധാത്മാവിനാലും അഗ്നിയാലും" സ്നാനം നൽകുന്നവൻ ഒരിക്കൽ ഉദ്ഘോഷിച്ചു: "ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ" (ലൂക്കാ. 12:49). ഇതാണ് ക്രിസ്തുവിന്റെ അഭിലാഷം. ദൈവസ്നേഹത്താൽ നാം എരിയപ്പെടുന്നതിനും പരിശുദ്ധാത്മശക്തിയാൽ ഭൂമിയുടെ മുഖം നവീകരിക്കപ്പെടുന്നതിനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

"പരിശുദ്ധാത്മാവേ, എഴുന്നള്ളിവരിക അങ്ങയുടെ വിശ്വാസികളുടെ ഹൃദയങ്ങളെ ദിവ്യസ്നേഹാഗ്നിയാൽ എരിയിക്കുക. അങ്ങയുടെ ആത്മാവിനെ അയയ്ക്കുക; അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും; ഭൂമുഖം നവീകരിക്കപ്പെടുകയും ചെയ്യും"


Prepared by the Jesus Youth International Formation Team. Illustration: Sanil Augustine